Financial Business

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

(i) 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

(ii) 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

(iii) 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

(iv) 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

(v) 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

(vi) 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അതരിപ്പിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, സർ, 2026-ലെ കേരള

ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ, 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ ദിവസം ധനകാര്യം സംബന്ധിച്ച എല്ലാ കാര്യങ്ങളും സപ്ലിമെന്ററിയായി അവതരിപ്പിച്ചതാണ്. വളരെ നല്ല ഒരു ധനസ്ഥിതിയിലേക്ക് കേരളത്തെ എത്തിക്കണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ജനങ്ങളുടെ പണം ചെലവഴിക്കുന്നതുകൊണ്ടാണ് ഭരണഘടനയിൽ ധനവിനിയോഗത്തിന് സഭയുടെ അനുമതി ആവശ്യമാണെന്ന് പറയുന്നത്. ഈ

ധനവിനിയോഗത്തിന് ജനങ്ങൾ നൽകുന്ന നികുതി പണം നഷ്ടപ്പെടുത്താതെ, ട്രഷറിയിൽ ലീക്കേജില്ലാതെ സമയബന്ധിതമായി പദ്ധതികൾ നടപ്പാക്കണം. ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കണം. ഓരോ വർഷം കഴിയുന്തോറും ഖജനാവിന്റെ മുകളിലുള്ള ഭാരം വർധിച്ചുവരികയാണ്. സ്ഥലമേറ്റെടുക്കുന്നതിൽ കാലതാമസമുണ്ടാകുന്നുണ്ട്. ഇരുവശത്തുനിന്നുമുള്ള അംഗങ്ങൾ എത്രയെത്ര സബ്മിഷനുകളാണ് സഭയിൽ കൊണ്ടുവരുന്നത്; പല പ്രോജക്ടുകളും എത്രയോ വർഷങ്ങൾ വൈകിയാണ് പൂർത്തിയാകുന്നത്; എത്രയോ പ്രോജക്ടുകളാണ് ഏഴും എട്ടും വർഷങ്ങൾ കഴിഞ്ഞിട്ടും ഡി.പി.ആർ. നൽകാതെ നീണ്ടുപോകുന്നത്; സാമ്പത്തിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും സ്ഥലമേറ്റെടുക്കുന്നതിൽ കാലതാമസമുണ്ടാക്കുന്നു. ഒരു വർഷംകൊണ്ട് പൂർത്തിയാകേണ്ട 100 കോടി രൂപയുടെ പ്രോജക്ട് 10 വർഷംകൊണ്ടും പൂർത്തിയാകുന്നില്ല. എന്നാൽ 10 വർഷം കഴിയുമ്പോൾ ഈ പ്രോജക്ടിന്റെ ചെലവ് 1000 കോടി രൂപയാകുകയാണ്. ജനങ്ങൾ നൽകുന്ന നികുതിപ്പണത്തിൽനിന്നും ഇത്തരത്തിലുള്ള വലിയ ചോർച്ചയുണ്ടാകുന്നു. ധനവിനിയോഗത്തിന്റെ

ഭാഗമായി Project implementation-ന് കേരളത്തിൽ ഒരു പ്രോട്ടോക്കോൾ ഉണ്ടാക്കണമെന്ന് ഈ ഗവൺമെന്റ് ആഗ്രഹിക്കുന്നു. അക്കൗണ്ടബിലിറ്റിയുണ്ടാകണം, ഒരു വർഷത്തിനുള്ളിൽ സ്ഥലമേറ്റെടുത്ത് നൽകണമെന്ന് പറഞ്ഞാൽ ടി സ്ഥലമേറ്റെടുത്ത് നൽകാൻ ഉത്തരവാദിത്വമുള്ള competent authority/officer 366-ാം ദിവസം അക്കൗണ്ടബിളാകണം. എല്ലാവർക്കും ഉത്തരവാദിത്വം വേണം, മന്ത്രിമാർക്കും ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഉത്തരവാദിത്വം വേണം. അവിശ്വസനീയമായ വിധത്തിലാണ് നമ്മൾ project implementation-ന്റെ ഭാഗമായി.....

ഞാൻ ആദ്യമായി എം.എൽ.എ. ആയ സമയത്ത് കൊച്ചിയിൽ 36 കോടി രൂപയുടെ ഒരു കുടിവെള്ള പദ്ധതിയും അതോടൊപ്പം എന്റെ മണ്ഡലത്തിൽ ഒരു കുടിവെള്ള പദ്ധതിയുണ്ടായിരുന്നു. ടി രണ്ട് പദ്ധതികളുമായി ബന്ധപ്പെട്ട ചർച്ചകൾ ഒരുമിച്ചാണ് നടത്തിയിരുന്നത്. എന്നാൽ ടി പദ്ധതികളുമായി ബന്ധപ്പെട്ട് 6 മാസം മുമ്പ് എടുത്ത തീരുമാനം തന്നെയാണ് അടുത്ത 6 മാസം കഴിഞ്ഞുള്ള റിവ്യൂ മീറ്റിങ്ങിലും വരുന്നത്

എന്നതാണ് അന്ന് ഞാൻ ശ്രദ്ധിച്ച കാര്യം. 1998-ൽ ആരംഭിച്ച് 3 വർഷംകൊണ്ട് പൂർത്തിയാക്കേണ്ട കൊച്ചിയിലെ കുടിവെള്ള പദ്ധതി 2010-ൽ 12 വർഷമെടുത്താണ് പൂർത്തിയാക്കിയത്. 36 കോടി രൂപ ചെലവിൽ പൂർത്തിയാക്കേണ്ടിയിരുന്ന ടി പദ്ധതിക്ക് അവസാനം 172 കോടി രൂപ ചെലവായി. എന്റെ നിയോജകമണ്ഡലത്തിലെ 60 കോടി രൂപയുടെ കുടിവെള്ള പദ്ധതി 2003-ൽ ആരംഭിച്ചത് 2006-ൽ തിരഞ്ഞെടുപ്പിന് മുൻപായി രണ്ടരലക്ഷം പേർക്ക് കുടിവെള്ളം കൊടുത്ത് അവസാനിപ്പിച്ചു. മൂന്നുവർഷം കൊണ്ട് സമയബന്ധിതമായി അത് പൂർത്തിയാക്കി. അന്ന് ഈ രണ്ട് പദ്ധതികളാണ് ആളുകൾ താരതമ്യം ചെയ്തിരുന്നത്. വാട്ടർ അതോറിറ്റിയുടെ ചരിത്രത്തിൽ, അതിനുമുൻപും ശേഷവും പദ്ധതികൾ സമയത്ത് തീർന്നിട്ടില്ല. ഇതു കഴിഞ്ഞിട്ട് കോൺട്രാക്ടർമാർ ആർബിട്രേഷന് പോകും. അവർ എത്രയാണ് വാങ്ങുന്നതെന്ന് നമുക്കറിയുമോ. കോൺട്രാക്ടർക്ക് ആറു മാസത്തിനകമോ ഒരു വർഷത്തിനകമോ സ്ഥലം കൊടുക്കാം എന്നുപറഞ്ഞിട്ട് നമ്മൾ സ്ഥലം കൊടുത്തില്ലെങ്കിൽ കോൺട്രാക്ടർ ആർബിട്രേഷന് പോകും.

ശ്രീ. വി. ജോയി: സർ, അങ്ങ് ഈ കാലതാമസത്തെക്കുറിച്ച് പറഞ്ഞത് വളരെ ശരിയായിട്ടുള്ള കാര്യമാണ്. പക്ഷേ അതിലെ ഒരു മേജർ പാർട്ട് എന്ന് പറയുന്നത് കോടതി വ്യവഹാരങ്ങളാണ്. നമ്മൾ ഭൂമി അക്വയർ ചെയ്യാൻ പോകുമ്പോൾ ചിലപ്പോൾ 25 പേരുടെ ഭൂമി ഏറ്റെടുക്കുമ്പോൾ അതിൽ രണ്ടോ മൂന്നോ ആളുകൾ കോടതിയെ സമീപിക്കും. ഇത് വർഷങ്ങളോളം നീണ്ടുപോകുന്നതും ഒരു കാരണമായി വരുന്നുണ്ട്. സ്വഭാവികമായും കോടതികളിലെ കേസ് കൈകാര്യം ചെയ്യുന്നതിനുകൂടി ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തേണ്ടതില്ലേ എന്നുള്ളത് അങ്ങ് ഇതിന്റെ കൂടെ ചേർത്തുപറയേണ്ടതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് പറഞ്ഞത് പ്രധാനപ്പെട്ട ഒരു കാര്യമാണ്. വ്യവഹാരങ്ങൾ ഇങ്ങനെ നീണ്ടുപോകുന്നതിന്റെ ഒരു പ്രശ്നമുണ്ട്. പക്ഷേ ലാൻഡ് അക്വിസിഷനുമായി ബന്ധപ്പെട്ട് ഒരു പ്രോട്ടോക്കോൾ ഉണ്ടാക്കിയാൽ കോടതി വ്യവഹാരങ്ങളെ മാറ്റിനിർത്താം. കാരണം, ലാൻഡ് അക്വിസിഷൻ ആക്ടിന് അനുസരിച്ച് ഭൂമി ഏറ്റെടുക്കാനുള്ള അധികാരം സർക്കാരിനുണ്ട്. ഭൂമി നമ്മൾ ഏറ്റെടുക്കുക, പണം സംബന്ധമായ തർക്കം

കോടതിയിൽ നിൽക്കട്ടെ. നമ്മൾ പണം കൊടുക്കുന്ന ബാക്കി അഡീഷണലായി കോടതി തീരുമാനിച്ചാൽ കൊടുക്കാം. ഇതൊന്നും പ്രോജക്ടിനെ ബാധിക്കാൻ പാടില്ല. എത്ര സർവെയർമാരെ വേണമെങ്കിലും റവന്യൂ വകുപ്പിന് കൊടുക്കാമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഞാൻ പറഞ്ഞു. അതിനുള്ള നടപടികൾ റവന്യൂ വകുപ്പ് ആരംഭിച്ചിട്ടുണ്ട്. ആയിരം പേരെയോ രണ്ടായിരം പേരെയോ കൊടുക്കാം. അവർക്ക് കൊടുക്കുന്ന ശമ്പളം ഒരു നഷ്ടമല്ല. പക്ഷേ തഹസിൽദാർ ആണെങ്കിലും ഡെപ്യൂട്ടി തഹസിൽദാർ ആണെങ്കിലും ആരാണോ സ്ഥലം ഏറ്റെടുക്കുന്ന അതോറിറ്റി, അവർക്ക് ആ ഉത്തരവാദിത്വം ഉണ്ടാകണം. ആ നടപടിക്രമങ്ങൾ വേഗത്തിലാക്കണം. സമയബന്ധിതമായി സ്ഥലമെടുപ്പ് പൂർത്തിയാക്കിയാൽ ഇത് തുടങ്ങാം. എ.എസ്., ടി.എസ്., ടെൻഡർ പ്രൊസീജ്യുവർ തുടങ്ങിയവയിലെ കാലതാമസത്താൽ എത്രയോ പ്രോജക്ടാണ് വൈകുന്നത്. വെറുതെ ഇങ്ങനെ ഓരോ കാര്യം പറഞ്ഞ് അങ്ങോട്ടുമിങ്ങോട്ടും കത്തെഴുതുകയാണ്. ഇപ്പോൾ ഓരോന്നിന്റെ മറുപടി വായിക്കുമ്പോൾ നമുക്കുതന്നെ നാണമാവുകയാണ്; എന്താണ് നടക്കുന്നത്.

അതിന് മാറ്റമുണ്ടാകണം. നിങ്ങളുടെ ഭരണകാലത്ത് മാത്രം നടന്നുവെന്ന അർഥത്തിലല്ല ഞാൻ പറയുന്നത്. 2001-ലെ കാര്യമാണ് ഞാൻ പറഞ്ഞത്. ഇത് എല്ലാക്കാലത്തുമുണ്ട്. അതാണ് ഖജനാവിന് ഏറ്റവും വലിയ നഷ്ടം വരുത്തിയത്. ഖജനാവിന് ചോർച്ചയാണ്. അത്രയും പണമുണ്ടെങ്കിൽ നമുക്ക് വേറെ എത്ര പ്രോജക്ടുകൾ ചെയ്യാം. എത്ര ഭംഗിയായി ചെയ്യാം. അതിന് എല്ലാവരും സഹകരിക്കണം. കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷൻ വച്ചത് എന്തിനാണ്? സഭയിൽ ബിൽ പാസ്സാക്കിക്കഴിഞ്ഞിട്ട് അപ്രോപ്രിയേഷന് വയ്ക്കുന്നത് എന്തിനാണ്? അപ്രോപ്രിയേഷൻ സഭ ചർച്ച ചെയ്തിട്ടുവേണം നടപ്പാക്കേണ്ടത്. ഓരോ രൂപ ചെലവാക്കുന്നതിനും ഒരു അക്കൗണ്ടബിലിറ്റിയും കമ്മിറ്റ്മെന്റും ഉണ്ടാകണം. അതിനുള്ള ശ്രമം സർക്കാർ അടുത്ത ഘട്ടമായി തുടങ്ങുകയാണ്. ജനപ്രതിനിധികളുടെ പൂർണമായ സഹകരണം അതിനുണ്ടാകണം. ഇപ്പോൾ ബജറ്റ് അനുവദിച്ച 20 ശതമാനം ഉള്ളതിന് തുക കൊടുത്തു. 20 ശതമാനം ഉള്ളതിന് തുക അനുവദിച്ചാൽ, ഈ മഴക്കാലത്ത് തന്നെ അതിന്റെ എ.എസ്.-ഉം ടി.എസ്.-ഉം മറ്റ് കാര്യങ്ങളും ചെയ്യണം. ബഹുമാനപ്പെട്ട സ്പീക്കർ ഒരു നല്ല കമന്റ്

രാവിലെ പറഞ്ഞു 'പിന്നെ ബി.എസ്.എൻ.എൽ.-കാർ വരും'. ബി.എസ്.എൻ.എൽ.-ഉം വാട്ടർ അതോറിറ്റിയും സംയുക്തമായി മീറ്റിങ് നടത്തി പോസ്റ്റ്, പൈപ്പ് തുടങ്ങിയവ മാറ്റേണ്ടത് സംബന്ധിച്ച് തീരുമാനമെടുത്ത് നമ്മുടെ വർക്ക് തുടങ്ങുന്നത് തുലാവർഷം കഴിഞ്ഞ് ഡിസംബർ 1-നാണ്. ഡിസംബർ 1 ആകുമ്പോഴേക്കും ഈ നടപടിക്രമങ്ങൾ മുഴുവൻ പൂർത്തിയാക്കണം. ഞങ്ങളുടെ നിയോജകമണ്ഡലത്തിൽ ഞങ്ങൾ അങ്ങനെയാണ് ചെയ്യുന്നത്. ഏതെങ്കിലും കോൺട്രാക്ടർമാർ ഇട്ടിട്ടുപോയാൽ മാത്രമേ പദ്ധതികൾ വഴിയിൽ കിടക്കുകയുള്ളൂ. ഡിസംബർ 1 ആകുമ്പോൾ ഈ വർഷം അനുവദിച്ചുകിട്ടിയ മുഴുവൻ പ്രോജക്ടുകളുടെയും നടപടിക്രമങ്ങൾ പൂർത്തിയാക്കാം. നവംബർ-ഡിസംബർ മാസങ്ങളിലായി വർക്ക് തുടങ്ങാനുള്ള മെറ്റീരിയൽ സ്റ്റോക്ക് ചെയ്തുവയ്ക്കണം. മെറ്റീരിയൽ കൂടി സ്റ്റോക്ക് ചെയ്തുവച്ച് ഡിസംബർ 1-ന് വർക്ക് തുടങ്ങിയാൽ മൂന്നുനാല് മാസക്കാലമാണ് കിട്ടുന്നത്. കാരണം, മാർച്ച്-ഏപ്രിൽ മാസത്തിൽ വേനൽമഴ തുടങ്ങും. ആ നാലു മാസമാണ് വർക്ക് നടക്കുന്നത്. അതത് വർഷം അനുവദിച്ചുകിട്ടുന്ന തുക അതത് വർഷം വിനിയോഗിച്ചില്ലെങ്കിൽ അടുത്ത വർഷത്തിൽ

കോൺട്രാക്ടർ ഇട്ടിട്ടുപോകും, അയാളെ ക്യാൻസൽ ചെയ്ത് മറ്റൊരാളെ കൊണ്ടുവരണം. മറ്റൊരാളെ കൊണ്ടുവരുമ്പോൾ റിവൈസ്ഡ് എസ്റ്റിമേറ്റ് ആകും. റിവൈസ്ഡ് എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരും. വീണ്ടും വൈകി വൈകി പോവുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ, കഴിഞ്ഞ സർക്കാരും ഈ സർക്കാരും ഒൻപത് മാസത്തിനിടെ രണ്ട് ബജറ്റാണ് അവതരിപ്പിച്ചത്. അതിൽ 20 ശതമാനം തുക വകയിരുത്തിയ പല പദ്ധതികൾക്കും ഇതുവരെ ഭരണാനുമതി ലഭ്യമായിട്ടില്ല. സ്വാഭാവികമായും ഭരണത്തിൽ മാറ്റം വന്നതുകൊണ്ട് ഈ വർഷം കുറച്ച് താമസിക്കും. അതിനെ ഞാൻ കുറ്റം പറയുന്നില്ല. അങ്ങ് പറഞ്ഞതുപോലെ ഭരണാനുമതി നൽകുന്നതിനും ടെക്നിക്കൽ സാങ്ഷൻ അനുവദിക്കുന്നതിനും ടെൻഡർ നടപടികൾ നടത്തുന്നതിനും വർക്ക് അവാർഡ് ചെയ്ത് നൽകുന്നതിനുമുള്ള ഒരു പ്രോട്ടോക്കോൾ നടപ്പിലാക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഉറപ്പായും അത് ചെയ്യണം. എന്തെങ്കിലും കാലതാമസം ഉണ്ടെങ്കിൽ വളരെ വേഗത്തിലാക്കി അത്

ചെയ്യണം. എല്ലാ വർക്കുകളും യഥാസമയം നടക്കണം. എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ നമുക്കൊരു ടെയിനിങ് കൂടി നടത്താമെന്ന് കരുതുന്നു. ഒരു ടെയിനിങ് നടത്തി ഇത് കോർഡിനേറ്റ് ചെയ്യാൻ എം.എൽ.എ.-മാർക്ക് അധികാരവും കൊടുക്കാം. നമ്മൾ വടിയും വാളുമെടുത്ത് നിൽക്കണം എന്നാൽ മാത്രമെ ഇത് പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. അതിന് എന്ത് തടസ്സങ്ങൾ വന്നാലും നീക്കം ചെയ്യാനുള്ള കാര്യങ്ങൾ ചെയ്യണം. അതത് വർഷം കൊടുക്കുന്ന കാര്യങ്ങൾ അതത് വർഷം കൊടുത്താൽ നമുക്ക് എത്ര കോടി രൂപ ലാഭിക്കാൻ സാധിക്കും. ചാലക്കയം റോഡ് നിർമ്മാണം പൊതുമരാമത്ത് വകുപ്പിന് നൽകി. അവിടെ റോഡ് പണിയാൻ പറ്റില്ലെന്നാണ് പലരും പറഞ്ഞത്. പക്ഷേ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അത് ഏറ്റെടുത്തു. പത്തിരുപത് ദിവസം കൊണ്ട് എ.എസ്.-ഉം ടി.എസ്.-ഉം കൊടുത്ത് ടെൻഡർ നടപടികളും മറ്റ് നടപടിക്രമങ്ങളും പൂർത്തിയാക്കി റോഡ് പണി ആരംഭിച്ചു. ഈയാഴ്ച അത് അവസാനിക്കും. നാലര അഞ്ച് കിലോമീറ്ററുള്ള ഒരു റോഡാണ്. വേണമെങ്കിൽ നമ്മുടെ സംവിധാനങ്ങൾ ഉപയോഗിച്ച് നമുക്ക് ചെയ്യാൻ സാധിക്കും.

ധനവിനിയോഗം എന്നത് ജനങ്ങളുടെ പണമാണ്. അത് ചെലവഴിക്കുമ്പോൾ കൃത്യതയും ഒരു രൂപ പോലും അതിൽ നഷ്ടപ്പെടാൻ പാടില്ലെന്നുള്ള നിശ്ചയദാർഢ്യം ഉണ്ടാകുകയും വേണം. നമുക്കെല്ലാവർക്കും ചേർന്ന് 140 നിയോജകമണ്ഡലങ്ങളിലും ചിട്ടയായി, ഭംഗിയായി, സമയബന്ധിതമായി വികസനപ്രവർത്തനങ്ങൾ നടത്താൻ സാധിക്കും. ഏത് സർക്കാർ വന്നാലും വികസനപ്രവർത്തനങ്ങൾ അതത് സ്ഥലത്ത് നടത്തിയാൽ അതിന്റെ ക്രെഡിറ്റ് എം.എൽ.എ.-ക്ക് തന്നെയാണ്. ജനങ്ങൾക്ക് സന്തോഷമുണ്ടാകും. ഇല്ലെങ്കിൽ എന്താണ് ഈ റോഡ് ഇങ്ങനെ കിടക്കുന്നത് എന്നെല്ലാം എം.എൽ.എ.-മാരോട് തന്നെ അവർ ചോദിക്കും. നമ്മൾ പണം അനുവദിച്ചെന്നോ എ.എസ്.-ഉം ടി.എസ്.-ഉം കിട്ടിയെന്നോ വർക്ക് അവാർഡ് ചെയ്തുവെന്നോ പറഞ്ഞാൽ റോഡ് ആയാലും കെട്ടിടം ആയാലും പണി പൂർത്തിയാകാതെ ആളുകൾ ഹാപ്പിയാകില്ല. അഞ്ച് കോടിയും പത്ത് കോടിയും രൂപ അനുവദിച്ചുവെന്നൊക്കെ വാർത്ത കൊടുത്തതുകൊണ്ട് അവർ തൃപ്തരാകില്ല. പണി തീർന്നാൽ അവരുടെ മുഖത്തൊരു ചിരി വരും. ജനങ്ങളുടെ മുഖത്ത് ആ ചിരി വരുത്തണം. ജനപ്രതിനിധികൾ എന്ന

നിലയിൽ നമ്മുടെ ഉത്തരവാദിത്തമാണത്. അവർ നമ്മളെ ജയിപ്പിച്ച് അയച്ചിരിക്കുന്നത് അവരുടെ ആവശ്യങ്ങൾ ചിട്ടയായി നടത്താനാണ്. അതിനാവശ്യമായ പ്രോട്ടോക്കോൾ അനിവാര്യമാണ്. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കൃത്യമായി റിവ്യൂ മീറ്റിങ്ങ് നടത്തി, ആയതിൽ ഒരു തീരുമാനമെടുത്താൽ അത് സമയബന്ധിതമായി നടപ്പാക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. പ്രോജക്ടിന്റെ പ്രോട്ടോക്കോൾ എന്നത് വളരെ പ്രധാനമാണ്. അതിന് എല്ലാവരും സഹകരിക്കണമെന്ന് പറഞ്ഞുകൊണ്ട് ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർഥിക്കുന്നു.

മി. സ്പീക്കർ: ധനവിനിയോഗ ബില്ലുകളിന്മേൽ ചർച്ച വേണോ?

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്ന് ചർച്ച ഒഴിവാക്കാമെന്നുള്ള തീരുമാനമുണ്ടായിട്ടുണ്ട്. അതിനോട് ഭരണപക്ഷവും യോജിക്കുന്നു. ഇക്കാര്യത്തിൽ എല്ലാവരും ഒരുമിച്ച് ഒരു സമവായത്തിലെത്തിയാൽ ചർച്ച ഒഴിവാക്കാവുന്നതാണ്.

മി. സ്പീക്കർ: അവസാന ദിവസമായതിനാൽ എല്ലാവരും സഹകരിച്ച് സന്തോഷമായി പിരിയാം.

29-10-2026

Financial Business

1) 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

Financial Business

മി. സ്പീക്കർ: 2026-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

2) 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

3) 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

Financial Business

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാംവകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

4) 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ

അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ കേരള ധനവിനിയോഗ (7-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

5) 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ കേരള ധനവിനിയോഗ (8-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

6) 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

Financial Business

മി. സ്പീക്കർ: 2026-ലെ കേരള ധനവിനിയോഗ (9-ാം നമ്പർ) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.